## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4941 — 23.03.2018-ൽ മറുപടിക്ക്

## ആദിവാസി ഊരുകളിൽ നടന്നുവരുന്ന ഭൂമി കയ്യേറ്റങ്ങളും ചൂഷണങ്ങളും

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | ആദിവാസി ഊരുകളിൽ നടന്നുവരുന്ന ഭൂമി കയ്യേറ്റങ്ങളും മറ്റുതരത്തിലുള്ള ചൂഷണങ്ങളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ആദിവാസികൾക്കായി സർക്കാർ അനുവദിച്ച നൽകുന്ന സഹായങ്ങൾ അവർക്ക് കൃത്യമായി ലഭിക്കുന്നുണ്ടോ; കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ആദിവാസി ക്ഷേമത്തിനായി അനുവദിച്ച തുകയിൽ എത്ര രൂപ യഥാർത്ഥത്തിൽ അവർക്ക് ലഭിച്ചിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ; | ബി) | പട്ടികവർഗ്ഗ ക്ഷേമത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ ക്ഷേമ പദ്ധതികളിൽപ്പെടുത്തി നൽകുന്ന സഹായങ്ങൾ കൃത്യമായി പട്ടിക വർഗ്ഗക്കാർക്ക് ലഭിക്കുന്നുണ്ട്. കഴിഞ്ഞ 5 വർഷത്തിനിടെ പട്ടിക വർഗ്ഗ വികസന പദ്ധതികൾക്ക് അനുവദിച്ച ബഡ്ജറ്റ് വിഹിതവും ചെലവഴിച്ച തുകയും സംബന്ധിച്ച വിവരം അനുബന്ധം I ആയി ചേർക്കുന്നു. |
| സി) | ആദിവാസികളെ ചൂഷണം ചെയ്യുന്ന വർക്കെതിരെ എന്തൊക്കെ നടപടി കളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | സി) | ആദിവാസികളെ ചൂഷണം ചെയ്യുന്നവർക്കെതിരെ അനുബന്ധം II ചേർത്ത പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| ഡി) | ആദിവാസി ക്ഷേമത്തിൽ അനുവദിക്കുന്ന തുക യഥാർത്ഥ ഗുണഭോക്താക്കളിൽ എത്തുന്നു എന്ന് ഉറപ്പുവരുത്താൻ എന്തെങ്കിലും സംവിധാനമുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | ഡി) | പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നതു സംബന്ധിച്ച വിവരം അനുബന്ധം III ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

| 2011-12 മുതൽ ~~2015-16~~ 2016-17 വരെ പട്ടികവർഗ്ഗ വികസന പദ്ധതികൾക്ക് അനുവദിച്ച ബഡ്ജറ്റ് വിഹിതവും ചെലവഴിച്ച തുകയും സംബന്ധിച്ച് (രൂപ ലക്ഷം) | | | |
|---|---|---|---|
| വർഷം | ബഡ്ജറ്റ് വിഹിതം (പൊതുമരാമത്ത്, ഗ്രാമവികസന വകുപ്പുകൾ ഒഴികെ) | ചെലവ് | ശതമാനം |
| 2011-12 | 16263.02 | 15316.76 | 94.18 |
| 2012-13 | 19650.76 | 19500.21 | 99.23 |
| 2013-14 | 29980.1 | 29092.21 | 97.04 |
| 2014-15 | 46449.2 | 40922.4 | 88.10 |
| 2015-16 | 42626.79 | 38117.51 | 89.42 |
| 2016-17 | 54448.12 | 51957.42 | 95.43 |

സെക്ഷൻ ഓഫീസർ

അനുബന്ധം II

സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗക്കാർക്കെതിരെയുള്ള അതിക്രമം തടയുന്നതിന് 1989 ൽ പാസ്സാക്കിയ നിയമം ഫലപ്രദമായി നടപ്പിലാക്കി വരുന്നുണ്ട്. പട്ടികജാതി/പട്ടിക വർഗ്ഗ അതിക്രമം തടയൽ നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകളിൽ അതിക്രമത്തിന് ഇരയായിട്ടുള്ളവർക്ക് അർഹമായ ധനസഹായം ജില്ലാകളക്ടർ അദ്ധ്യക്ഷനായിട്ടുള്ള ജില്ലാതല വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മറ്റി മീറ്റിംഗ് തീരുമാനപ്രകാരം നൽകി വരുന്നുണ്ട്.

പട്ടികജാതി /പട്ടികവർഗ അതിക്രമം തടയൽ നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസ്സുകളുടെ അന്വേഷണം നടത്തുന്നത് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനാണ്.

പട്ടികജാതി/പട്ടിക വർഗ്ഗ അതിക്രമം തടയൽ നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകൾ മോണിറ്റർ ചെയ്യുന്നതിനായി ജില്ലാകളക്ടർ അദ്ധ്യക്ഷനായിട്ടുള്ള ജില്ലാതല വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മറ്റി മീറ്റിംഗ് എല്ലാ ജില്ലകളിലും കൃത്യമായി നടത്തിവരുന്നുണ്ട്. ജില്ലാ തല വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മറ്റി മീറ്റിംഗുകൾ മൂന്ന് മാസത്തിലൊരിക്കൽ ചേരുന്നുണ്ട്. ഇതു കൂടാതെ അതിക്രമം തടയൽ നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസ്സുകൾ മോണിറ്റർ ചെയ്യുന്നതിന് സംസ്ഥാനതലത്തിൽ ബഹു.മുഖ്യമന്ത്രി അദ്ധ്യക്ഷനായ സ്റ്റേറ്റ് ലെവൽ വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മറ്റി മീറ്റിംഗുകൾ വർഷം തോറും ചേർന്ന് നടപടികൾ അവലോകനം നടത്തി വരുന്നുണ്ട്. ടി നിയമപ്രകാരം കേസ്സുകളുടെ പുരോഗതി വിലയിരുത്തുന്നതിനായി ജില്ലാ കളക്ടർമാർ നോഡൽ ഓഫീസർമാരായി ജില്ലാതലങ്ങളിലും പട്ടികജാതി വകുപ്പ് സെക്രട്ടറി നോഡൽ ഓഫീസറായി സ്റ്റേറ്റ് തലത്തിലും പ്രവർത്തിച്ചുവരുന്നുണ്ട്. മാത്രവുമല്ല ഇപ്രകാരം വരുന്ന കേസ്സുകളുടെ വിചാരണ സമയത്ത് എത്തിച്ചേരുന്ന അതിക്രമത്തിന് വിധേയരായവർക്കും അവരുടെ ആശ്രിതർക്കും, സാക്ഷികൾക്കും, പരിചാരകർക്കും വിചാരണ ദിവസം ഉപജീവന ബത്ത, ആഹാര ചെലവ് എന്നിവ സ.ഉ(സാധാ) നം 1028/2009 പജപവവിവ പ്രകാരം അനുവദിച്ചു വരുന്നു. ടി നിയമം ഫലപ്രദമായി നടപ്പാക്കുന്നതിന്റെ ഭാഗമായി കേസ്സുകൾ കുറക്കുന്നതിന് കഴിയുന്നുണ്ട്.

സെക്ഷൻ ഓഫീസർ

## അനുബന്ധം III

പട്ടികവർഗ്ഗക്കാർക്കായി ആവിഷ്കരിച്ച പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് താഴെ പറയുന്ന നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു.

- പട്ടികവർഗ്ഗക്കാർക്കുള്ള പദ്ധതികൾ ഊരുകൂട്ടത്തിൽ ചർച്ചചെയ്യുകയും ഗുണഭോക്തൃ പട്ടിക
ആവശ്യമായ പദ്ധതികൾക്ക് ഊരുകൂട്ടത്തിൽത്തന്നെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും
ചെയ്യുന്നു. ഊരുകൂട്ടത്തിൽ നിർദ്ദേശിക്കുന്ന പദ്ധതികൾ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിൽ വച്ച് അംഗീ
കരിച്ചാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. അടങ്കൽ തുക 25.00 ലക്ഷത്തിൽ താഴെയുള്ള പദ്ധതികൾ
ജില്ലാതല വർക്കിംഗ് ഗ്രൂപ്പിൽ വച്ച് അംഗീകാരം നൽകി നടപ്പിലാക്കുന്നത്. എന്നാൽ 25.00 ലക്ഷം
രൂപയിൽ മുകളിലുള്ള പദ്ധതികൾ സംസ്ഥാന തല വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിച്ച് അംഗീകാരം
വാങ്ങി പദ്ധതികൾ നടപ്പിലാക്കുന്നത്.
കൂടാതെ പട്ടികവർഗ്ഗ വിഭാഗത്തിന്റെ സാമ്പത്തിക സാമൂഹിക, ആരോഗ്യ, പശ്ചാത്തല മേഖല
വികസനത്തിനായി പട്ടികവർഗ്ഗ വികസന ഡയറക്ടറേറ്റിൽ പദ്ധതികൾ രൂപീകരിക്കുകയും സംസ്ഥാ
നതല വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിച്ച് അംഗീകാരം വാങ്ങി പദ്ധതികൾ നടപ്പിലാക്കുന്നു.
പദ്ധതികൾ കാര്യക്ഷമമായി നടക്കുന്നതിനും, കാലതാമസം ഒഴിവാക്കുന്നതിനും വേണ്ടി ഡയറ
ക്ടറേറ്റ് തലത്തിൽ വീഡിയോ കോൺഫറൻസുകളും , ഫീൽഡ് ഓഫീസർമാരെ ഉൾപ്പെടുത്തിക്കൊ
ണ്ടുള്ള പദ്ധതി അവലോകന യോഗങ്ങളും സംഘടിപ്പിക്കുന്നുണ്ട്. ഡയറക്ടറേറ്റിൽ നിയന്ത്രണോ
ദ്യോഗസ്ഥർ ജില്ലാ ഓഫീസുകൾ സന്ദർശിച്ച് പദ്ധതി അവലോകനം നടത്തുന്നുണ്ട്.
- പട്ടികവർഗ്ഗക്കാർക്കുള്ള നിലവിലുള്ള എല്ലാ സാമ്പത്തിക ആനുകൂല്യങ്ങളും ബാങ്ക് അക്കൗണ്ടുകൾ വഴിയാണ് നൽകിവരുന്നത്.
- പട്ടികവർഗ്ഗക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി വകയിരുത്തുന്ന തുക അവരുടെ ക്ഷേമ
പ്രവർത്തനങ്ങൾക്ക് തന്നെ ചെലവഴിക്കുന്നുവെന്ന് കൃത്യമായി മോണിട്ടർ ചെയ്യുന്നതിനും കാലതാ
മസം കൂടാതെ പദ്ധതി അവലോകനം നടത്തുന്നതിനും ജില്ലാകളക്ടർ അദ്ധ്യക്ഷനായി സ്ഥലംഎം.
എൽ.എ.മാർ ഉൾപ്പെടുന്ന കമ്മിറ്റിയും, ഡിസ്ട്രിക്ട് ഡെവലപ്മെന്റ് കമ്മിറ്റിയും നിലവിലുണ്ട്. ഇതി
നുപുറമേ സംസ്ഥാനതലത്തിൽ ബഹു. മന്ത്രിയുടെ അദ്ധ്യക്ഷതയിലും പദ്ധതി വിലയിരുത്തിവരുന്നു.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ റ്റി.എസ്.പി.ഫണ്ട് ലാപ്സാകാതിരിക്കാൻ വേണ്ടി ജില്ലാ ആസൂത്രണ സമിതി യോഗങ്ങളിൽ അവലോകനം നടത്താറുണ്ട്.
- നടപ്പിലാക്കാൻ കഴിയാത്ത പദ്ധതികൾക്ക് പകരം പുതിയ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് അവലോകന യോഗങ്ങൾ സഹായിക്കാറുണ്ട്.

സർക്കാർ ഉത്തരവ് (സാധാ)നം.1013/2012/പജ പവവിവ തീയതി 17/07/12 പ്രകാരം പട്ടികവർഗ്ഗ
വികസന വകുപ്പ് ഡയറക്ടർ ചെയർമാനും ജോയിന്റ് ഡയറക്ടർ, കൺവീനറും ഡെപ്യൂട്ടി ഡയറക്ടർ,
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ ഓഫീസർമാർ എന്നിവ അംഗങ്ങളായി രൂപീകരിച്ച
കമ്മിറ്റി സംസ്ഥാന തലത്തിൽ പദ്ധതി വിനിയോഗം വിലയിരുത്തുന്നുണ്ട്. പദ്ധതി നടത്തിപ്പിന്റെ സാമ്പ
ത്തിക ഭൗതിക നേട്ടങ്ങൾ ജില്ലാ ഓഫീസർമാർ നേരിട്ട് വിലയിരുത്തുകയും ജില്ലാകളക്ടറുടെ അദ്ധ്യക്ഷ
തയിൽ ജില്ലാതലത്തിൽ ചേരുന്ന ജില്ലാവികസന സമിതി യോഗത്തിലും ജില്ലാതല മോണിറ്ററിംഗ് കമ്മി
റ്റിയും വിലയിരുത്തുന്നുണ്ട്. ഡയറക്ടറേറ്റിൽ നിന്നുള്ള നിയന്ത്രണ ഉദ്യോഗസ്ഥർ എല്ലാ ജില്ലകളിലും
സന്ദർശനം നടത്തി പുരോഗതി വിലയിരുത്തുന്നു.

റിസർച്ച് ഓഫീസർ